**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5067** **11-08-2021 - ൽ മറുപടിയ്ക്ക്**

**മാരാരിക്കുളം സൗഹൃദ ഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകളും കുഞ്ഞുങ്ങളും നേരിടുന്ന വിവേചനങ്ങളും അരുതായ്മകളും പ്രതിരോധിച്ച് പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മാരാരിക്കുളം സൗഹൃദ ഗ്രാമം എന്ന മോഡൽ, സംസ്ഥാനം മുഴുവൻ നടപ്പിലാക്കാനും സ്ത്രീധന സമ്പ്രദായത്തിനെതിരെ തദ്ദേശഭരണക്കൂടങ്ങൾ സന്നദ്ധ പ്രവർത്തകരെയും മറ്റും ഉപയോഗിച്ച് ശക്തമായ ചെറുത്തുനിൽപ്പ് ഉണ്ടാക്കാനും നടപടികൾ സ്വീകരിക്കുമോ? | (എ) | 'മാരാരിക്കുളം സൗഹൃദം ഗ്രാമം' എന്ന മോഡൽ, സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സ.ഉ(കൈ) നം.11/2018 തീയതി 29.01.2018 ലെ ഖണ്ഡിക 6.3 (6) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കി അതിക്രമരഹിത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ